**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 864 — 28.04.2017-ൽ മറുപടിയ്ക്ക്

**അന്ധകാരനഴി മുതൽ ചാപ്പക്കടവ് വരെയുള്ള തീരദേശ പാത**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം. ആരിഫ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തീരദേശ ഹൈവേയുടെ നിർമ്മാണം എവിടെ മുതൽ എവിടം വരെയാണ് ഉദ്ദേശിക്കുന്നത്; | (എ) നിർദ്ദിഷ്ട തീരദേശ പാതതിരുവനന്തപുരം ജില്ലയിലെ പൂവാറിൽ നിന്നും ആരംഭിച്ച് കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലൂടെ കടന്ന് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ കണ്വതീർത്ഥ എന്ന സ്ഥലത്ത് അവസാനിക്കുന്ന രീതിയിലാണ് രൂപ രേഖ തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) നിലവിലുള്ള തീരദേശ പാതയിലെ അന്ധകാരനഴി മുതൽ ചാപ്പക്കടവ് വരെയുള്ള സ്ഥലത്ത് പുനരുദ്ധാരണം നടത്തിയിട്ട് 9 വർഷം കഴിഞ്ഞിരിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഈ പ്രദേശത്തെ പാത നേരത്തെ ബി.എം & ബി.സി യിൽ പുനരുദ്ധരിച്ചത് പോലെ പുനരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>(ഡി) ഈ പാതയുടെ ഇരുവശങ്ങളിലും കാന നിർമ്മിച്ച് കടലേറ്റ സമയത്തെ ദുരിതത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) & (ഡി) നിർദ്ദിഷ്ട തീരദേശ പാതയുടെ നാറ്റ്പാക്ക് തയ്യാറാക്കിയ രൂപരേഖ അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. അതിനു ശേഷം മാത്രമേ വിവിധ പ്രവൃത്തിയ്ക്കായുള്ള ഡി.പി.ആർ തയ്യാറാക്കുകയുള്ളൂ. തീരദേശ പാതയുടെ രണ്ടാം ഘട്ടത്തിൽ ഇപ്പോൾ നിരത്തു വിഭാഗത്തിന്റെ അധീനതയിലുള്ള അന്ധകാരനഴി മുതൽ ചാപ്പക്കടവ് വരെയുള്ള പാത ഉൾപ്പെടുത്തുന്നതിന് നാറ്റ്പാക്ക് നിർദ്ദേശിച്ചിട്ടുണ്ട്. തീരദേശപാതയായി വികസിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്ന മുറയ്ക്കു മാത്രമേ പ്രസ്തുത ഭാഗത്തെ കാനകളുടെ നിർമ്മാണവും പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ